# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 218/2025 തിരുവനന്തപുരം, തീയതി: 07.10.2025**

# പത്രക്കുറിപ്പ്

## സീറ്റ് ഒഴിവ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം എം.എസ്.സി കമ്പ്യൂട്ടർ സയൻസ് 2025-2026 അധ്യയനവർഷത്തിലേക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്തതും നാളിതുവരെ അഡ്മിഷനെടുക്കുവാൻ സാധിക്കാത്തതുമായ വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും മറ്റു അനുബന്ധ രേഖകളുമായി ഒക്ടോബർ 10 നകം വിദൂരവിദ്യാഭ്യാസവിഭാഗം കാര്യവട്ടത്തെ ഓഫീസിൽ നേരിട്ടു ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം എം.എസ്.സി മാത്തമാറ്റിക്സ് 2025-2026 അഡ്മിഷനിൽ SC/ST വിഭാഗത്തിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താത്പ ര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും മറ്റു അനുബന്ധ രേഖകളുമായി ഒക്ടോബർ 8 ന് വിദൂരവിദ്യാഭ്യാസവിഭാഗം കാര്യവട്ടത്തെ ഓഫീസിൽ നേരിട്ടു ഹാജരാ കേണ്ടതാണ്.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല എംസിഎ (ഫുൾടൈം ട്രാവൽ & ടൂറിസം/ പാർട്ട്ടൈം/ ഈവനിംഗ് - 2000, 2014, 2018, 2020 സ്കീം) മേഴ്സിചാൻസ്, ജൂലൈ 2025 പരീക്ഷയ്ക്ക് തിരുവനന്തപുരം ജില്ലയിൽ തൈക്കാട് KITTS, കൊല്ലം ജില്ലയിൽ കൊല്ലം യുഎഇഎം എന്നീ പരീക്ഷാ കേന്ദ്രങ്ങളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു. വിശദവിവരം വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2025 ഒക്ടോബർ 06 മുതൽ 10 വരെ നടത്താൻ നിശ്ചയിച്ചിരുന്നതും പുനഃക്രമീകരിച്ചതുമായ നാലാം സെമസ്റ്റർ സിബിസിഎസ്എസ് ബിഎസ്സി ജൂലായ് 2025-ന്റെ സുവോളജി പ്രാക്ടിക്കൽ പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2025 ഒക്ടോബർ 24 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എംഎഫ്എ പെയിന്റിംഗ് സ്കൾപ്പ്ചർ (റെഗുലർ, സപ്ലിമെന്ററി, മേഴ്സിചാൻസ്) പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഒക്ടോബർ മാസം 27 മുതൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന ബിഎ / ബികോം / ബിഎസ്സി കംപ്യൂട്ടർ സയൻസ് / ബിഎസ്സി മാത്തമാറ്റിക്സ് / ബിബിഎ / ബിസിഎ (വിദൂരവിദ്യാഭ്യാസം) കോഴ്സുകളുടെ മൂന്നും, നാലും സെമസ്റ്റർ (റെഗുലർ - 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി - 2022 അഡ്മിഷൻ, സപ്ലിമെന്ററി - 2020 & 2021 അഡ്മിഷൻ, മേഴ്സി ചാൻസ് - 2017, 2018 & 2019 അഡ്മിഷൻ) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധികരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരള സർവകലാശാല 2025 ജൂണിൽ നടത്തിയ 2023 -2025 ബാച്ച് എംസിജെ (മാസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം - റെഗുലർ) സി.എസ്.എസ്, കാര്യവട്ടം പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല 2025 മാർച്ച് മാസം നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്‌സി ബയോടെക്നോളജി, എംഎസ്‌സി ബയോമകെമിസ്ട്രി (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി 2025 ഒക്ടോബർ 14 വരെ സമർപ്പിക്കാം.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**